## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 574

29.05.2019 ൽ മറുപടിക്ക്

### കെ സ്വിഫ്റ്റ് പോർട്ടൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.അനിൽ അക്കര :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | വ്യവസായ സംരംഭകർക്ക് ഓൺലൈനിലൂടെ അനുമതി നൽകുന്നതിനുള്ള കെ സ്വിഫ്റ്റ് പോർട്ടൽ നിലവിൽ വന്നിട്ടുണ്ടോ; | (എ) | ഉണ്ട്. |
| ബി) | പ്രസ്തുത പോർട്ടലിൽ ഇതുവരെ രജിസ്റ്റർ ചെയ്ത അപേക്ഷകൾ എത്രയാണെന്നും അതിൽ സംസ്ഥാന തലത്തിൽ അനുമതി ആവശ്യമുള്ളവ എത്രയാണെന്നും വ്യക്തമാക്കുമോ; | (ബി) | കെ സ്വിഫ്റ്റ് പോർട്ടൽ നിലവിൽ വന്നതിനു ശേഷം 20/05/2019 വരെ **305** അപേക്ഷകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതായും ഇതിൽ **123** അപേക്ഷകൾ അനുമതികൾക്കായി ലഭിച്ചിട്ടുള്ളതായും ഇവയെല്ലാം വിവിധ വകുപ്പുകളിൽ നിന്നും ജില്ലാതലത്തിൽ അനുമതി ആവശ്യമുള്ളവയായിട്ടുള്ളതാണെന്നും നോഡൽ ഏജൻസിയായ കെ.എസ്.ഐ.ഡി.സി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | അതിൽ നിബന്ധന പാലിച്ച് ലഭിച്ച അപേക്ഷകളിൽ എത്രയെണ്ണത്തിന് ഇതിനകം അനുമതി നൽകിയെന്ന് വ്യക്തമാക്കുമോ; | (സി) & (ഡി) | മുകളിൽ പറഞ്ഞ **305** അപേക്ഷകളിൽ **123** അപേക്ഷകൾ നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്നും ആയതിൽ **43** അപേക്ഷകൾക്ക് ലൈസൻസ് ഡീംഡ് ആയി നൽകിയിട്ടുണ്ടെന്നും കെ.എസ്.ഐ.ഡി.സി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | മുപ്പതു ദിവസത്തിനുള്ളിൽ അനുമതി ലഭിച്ചില്ലെങ്കിൽ കിട്ടുന്ന ഡീംഡ് ലൈസൻസ് വഴി ഇതിനകം എത്ര അപേക്ഷകർക്ക് അനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ